**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 456 29.06.2016- ൽ മറുപടിക്ക്

## സംസ്ഥാനത്തെ ത്രിവേണി നന്മ സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് : | ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ത്രിവേണി നന്മ സ്റ്റോറു കൾ പ്രവർത്തന സജ്ജമാക്കുവാൻ സ്വീകരിക്കുവാൻ പോകുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ ത്രിവേണി നന്മ സ്റ്റോറുകൾ പ്രവർത്തന സജ്ജമാക്കുന്നതിനു വേണ്ടി അവശ്യനിത്യോപയോഗ സാധനങ്ങൾ ത്രിവേണി സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നതിനും, കൂടുതൽ സാധനങ്ങൾ സ്റ്റോക്കു ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ത്രിവേണികൾ പ്രവർത്തിക്കുന്ന വലിയ വാടക കെട്ടിടങ്ങൾ കുറഞ്ഞ വാടകയുള്ള കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചും, ലാഭകരമല്ലാത്ത മൊബൈൽ ത്രിവേണികൾ റൂട്ടുകൾ പുന:ക്രമീകരണം ചെയ്ത് ലാഭകരമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കി, ത്രിവേണി സ്റ്റോറുകൾക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ്, പരമാവധി വിലകുറച്ചു ലഭിക്കുമെന്ന് ഉറപ്പു വരുത്തി പർച്ചേസ് ഓർഡറുകൾ നൽകി വരുന്നു. നന്മ സ്റ്റോറുകൾ പൂർണ്ണമായി ഇ-ടെൻഡർ സംവിധാനത്തിലൂടെയാണ് പർച്ചേസ് നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് പൂട്ടിയിട്ടിരിക്കുന്ന ത്രിവേണി സ്റ്റോറുകൾ തുറക്കുന്നതിന് നടപടി ഉണ്ടാകുമോ; | (ബി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വിലക്കയറ്റം തടയുന്നതിന് കൺസ്യൂമർ ഫെഡ് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ വില വർദ്ധനവിന് ഏറെ 'സാധ്യതയുള്ള ഉത്സവ കാലങ്ങളിൽ അരി ഉൾപ്പെടെയുള്ള അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കി പൊതു വിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുവിപണിയിൽ നിന്നും മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ എന്നിവയിലൂടെ സാധാരണക്കാർക്ക് ലഭ്യമാക്കി കമ്പോള ഇടപെടലിൽ കൺസ്യൂമർഫെഡ് സഹകരണ മേഖലയെ സഹായിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ